പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5773 — 05.07.2013 ൽ മറുപടിക്ക്

**പൊതു വിപണിയിൽ റെയ്ഡുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.റ്റി.എ. റഹീം: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

(എ) പൊതു വിപണിയിൽ കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ സിവിൽസപ്ലൈസ് വകുപ്പ് എത്ര റെയ്ഡുകൾ നടത്തി;

(എ) 3707 റെയ്ഡുകൾ;

(ബി) എത്ര ഭക്ഷ്യധാന്യങ്ങൾ പിടിച്ചെടുത്തു; എത്ര എൽ.പി.ജി. സിലിണ്ടറുകൾ പിടിച്ചെടുത്തു;

(ബി) 4341.88 ക്വിന്റൽ അരിയും 454.11 ക്വിന്റൽ ഗോതമ്പും, 187 എൽ.പി.ജി. സിലിണ്ടറുകളും പിടിച്ചെടുത്തു;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ചാർജ്ജ് ചെയ്തു; താലൂക്ക് തിരിച്ചു കണക്കുകൾ ലഭ്യമാക്കാമോ;

(സി) 211 കേസുകൾ;

| ജില്ല | താലൂക്ക് | രജിസ്റ്റർ ചെയ്ത കേസുകൾ |
|---|---|---|
| തിരുവനന്തപുരം | നെയ്യാറ്റിൻകര | 3 |
| | ചിറയിൻകീഴ് | 3 |
| കൊല്ലം | കൊല്ലം | 2 |
| | കരുനാഗപ്പള്ളി | 1 |
| പത്തനംതിട്ട | അടൂർ | 1 |
| | തിരുവല്ല | 3 |
| ആലപ്പുഴ | മാവേലിക്കര | 2 |
| | കാർത്തികപ്പള്ളി | 2 |
| | കുട്ടനാട് | 1 |
| | ചേർത്തല | 12 |
| | ചെങ്ങന്നൂർ | 4 |
| കോട്ടയം | കോട്ടയം | 20 |
| | ചങ്ങനാശേരി | 28 |
| | മീനച്ചിൽ | 20 |
| | വൈക്കം | 59 |
| ഇടുക്കി | ദേവികുളം | 4 |
| എറണാകുളം | കുന്നത്തുനാട് | 1 |
| പാലക്കാട് | പാലക്കാട് | 1 |
| കണ്ണൂർ | തളിപ്പറമ്പ് | 1 |
| കാസർഗോഡ് | ഹോസ്ദുർഗ്ഗ് | 29 |
| | കാസർഗോഡ് | 14 |
| | ആകെ | 211 |

(ഡി) കേന്ദ്ര പൊതു വിതരണ ഉപഭോക്തൃ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ സംസ്ഥാനത്തെ ഏതെങ്കിലും പൊതുവിതരണ സ്ഥാപനങ്ങളിൽ സന്ദർശനംനടത്തിയിരുന്നോ; എങ്കിൽ ആരെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉദ്യോഗസ്ഥൻ പൊതുവിതരണ വകുപ്പിൽ ഏതെല്ലാം തരത്തിലുള്ള പരിശോധനകൾ നടത്താൻ അധികാരമുള്ളയാളാണെന്ന് വ്യക്തമാക്കാമോ ?

(ഡി) കേന്ദ്ര പൊതു വിതരണ ഉപഭോക്തൃ കാര്യ വകുപ്പിലെ ക്വാളിറ്റി സെല്ലിലെ, അഡീഷണൽ റീജിയണൽ ഡയറക്ടർ (എസ് & ആർ) എസ്. കുൽക്കർണി, ഡെപ്യൂട്ടി ഡയറക്ടർ ഡോ. മഹേന്ദ്ര കുമാർ എന്നിവർ ജില്ലകളിലെ പൊതു വിതരണ സ്ഥാപനങ്ങളിൽ പരിശോധന നടത്താറുണ്ട്; പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട സംഭരണ ശാലകളുടെ സംഭരണ ശേഷിയും ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും മറ്റുമാണ് ഈ ഉദ്യോഗസ്ഥർ പരിശോധിക്കുന്നത്.

സെക്ഷൻ ഓഫീസർ